മനുഷ്യന്റെ ജീവിതപ്രശ്നങ്ങളെ നിരാകരിക്കുന്ന പ്രവണത ശക്തിപ്പെടുത്താനേ ഇടനൽകൂ. അതുപോലെ ജനറേഷൻ ട്രാൻസ്മിഷൻ എന്നീ തലങ്ങളിൽ എല്ലാം സ്വകാര്യമേഖലയ്ക്ക് വിടുന്നത് നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പിനെതന്നെ ഭീഷണിയായി, അപകടകരമായി ബാധിക്കും എന്നുള്ളതുകൊണ്ട് ഈ ബില്ലിനോടുള്ള ശക്തമായ എതിർപ്പ് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും അതിനായി കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ഒരുമിക്കുകയും ചെയ്യണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : ഇന്ന് പ്രധാനപ്പെട്ട രണ്ട് ബില്ലുകൾ പാസ്സാക്കാനുള്ള ദിവസമാണ്. ഓരോരുത്തരും അവരവരുടെ സമയം എടുക്കുകയാണ്. പത്തും പതിനഞ്ചും മിനിറ്റൊക്കെ.

(10) കുന്നത്തുനാട് മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ നടപടി

ശ്രീ. എം.പി. വർഗ്ഗീസ് : സർ, കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഒട്ടേറെ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡുകൾ പണിതിട്ടുണ്ട്. ആ വാർഡുകളിലൊന്നും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സ്റ്റാഫിനെ നിയമിക്കാത്തതുകൊണ്ട് മൂന്നേയെറെ ആശുപത്രികളിൽ ഈ ശോച്യാവസ്ഥ നിലനിൽക്കുകയാണ്. കുന്നത്തുനാട് മണ്ഡലത്തിൽ തന്നെ 4 ആശുപത്രികളിൽ ലോക്കൽ ഫണ്ട് ഉപയോഗിച്ചും എം.പി. ഫണ്ട് ഉപയോഗിച്ചുമൊക്കെ ചെയ്ത കെട്ടിടങ്ങളുണ്ട്. രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിഞ്ഞിട്ടില്ല. അടിയന്തിരമായി രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആവശ്യമായ സ്റ്റാഫിനെ അനുവദിച്ച് ആ നടപടി പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ.വി.സി. കബീർ) : സർ, കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കുമരപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സ നടത്തുന്നുണ്ട്. തിരുവാണിയൂർ, മുഴുവന്നൂർ പുത്തൃക്ക എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഓരോ മെഡിക്കൽ ഓഫീസർ മാത്രമേ നിലവിലുള്ളൂ. തിരുവാണിയൂർ 10 കിടക്കകളും മുഴുവന്നൂരിലും പുത്തൃക്കയിലും 12 കിടക്കകൾ വീതമുണ്ട്. മൂന്നു സ്റ്റാഫ് നഴ്സുമാരും കുറഞ്ഞത് 2 മെഡിക്കൽ ഓഫീസർമാരും ഉണ്ടെങ്കിലേ രോഗികളെ കിടത്തി ചികിത്സ ആരംഭിക്കാൻ കഴിയൂ. മുഴുവന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യങ്ങൾ നിലവിലുള്ള മാനദണ്ഡമനുസരിച്ച്, സാമ്പത്തിക പ്രയാസങ്ങൾ അനുസരിച്ച് പരിഗണിക്കാൻ നിർവാഹമില്ലാത്തതിനാൽ അവിടെ രോഗികളെ കിടത്തി ചികിത്സ ആരംഭിക്കാൻ നിർവാഹമില്ല എന്ന് അറിയിക്കുന്നു.

(11) എം.ജി. യൂണിവേഴ്സിറ്റിയിൽ ആരംഭിച്ച ബി.എസ്.സി. നഴ്സിംഗ് കോഴ്സ് വിദ്യാർത്ഥികൾക്ക് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പരിശീലനത്തിന് അനുമതി നൽകാത്തതു സംബന്ധിച്ച ബുദ്ധിമുട്ടുകൾ

ശ്രീ. ടി.എം. ജേക്കബ് : ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികളുടെ വളരെ ഗുരുതരമായ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും

LIBRARY ARCHIVES Kerala Legislative Assembly